# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

## ഉള്ളടക്കം


ഉള്ളടക്കം . . . . . v
മുഖവുര . . . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . . . 17
1 അനുനാസികാതിപ്രസരം: . . . . . 31
2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . . . 32
3 സ്വരസംവരണം: . . . . . 32
4 പുരുഷഭേദനിരാസം: . . . . . 34
5 ഖിലോപസംഗ്രഹം: . . . . . 37
6 അംഗഭംഗം: . . . . . 39
2 ഘട്ടവിഭാഗം . . . . . 53
1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . . . 62
2 മധ്യഘട്ടം — മണിപ്രവാളരീതി . . . . . 63
3 ആധുനികഘട്ടം . . . . . 64
3 അക്ഷരമാല . . . . . 67
4 വർണ്ണവികാരങ്ങൾ . . . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . . . 99
1 ലോപസന്ധി . . . . . 100
2 ആഗമസന്ധി . . . . . 103
3 ദ്വിത്വസന്ധി . . . . . 107
4 ആദേശസന്ധി . . . . . 113
2 ശബ്ദവിഭാഗം . . . . . 119
1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . . . 135
2 വചനപ്രകരണം . . . . . 145
3 വിഭക്തിപ്രകരണം . . . . . 157
1 നാമരൂപാവലി . . . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . . . 171
1 ഇനി ഇരട്ടിപ്പ് . . . . . 173
5 കാരകപ്രകരണം . . . . . 177
6 തദ്ധിതപ്രകരണം . . . . . 189
1 തന്മാത്രപ്രത്യയങ്ങൾ . . . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . . . 197
1 പ്രാരംഭം . . . . . 197
2 പ്രകൃതി . . . . . 197
3 സ്വഭാവം . . . . . 198
2 കാലപ്രകരണം . . . . . 199
1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . . . 205
2 കാലപ്രത്യയങ്ങളുടെ ആഗമം . . . . . 220
3 പ്രകാരപ്രകരണം . . . . . 223
4 പ്രയോഗപ്രകരണം . . . . . 231
5 പ്രയോജകപ്രകൃതി . . . . . 233
6 നാമധാതുപ്രകരണം . . . . . 241
7 ഖിലധാതുക്കൾ . . . . . 245
8 അനുപ്രയോഗം . . . . . 247
1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . . . 251
2 രണ്ടാം വക; കാലാനുപ്രയോഗം . . . . . 255
3 മൂന്നാംവക, പൂരണാനുപ്രയോഗം . . . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259

10 സമുച്ചയം . . . . . . . . . . . . . . . . . 269

11 അംഗക്രിയ . . . . . . . . . . . . . . . . 271

1 പേരെച്ചം . . . . . . . . . . . . . . . 275

2 വിനയെച്ചം . . . . . . . . . . . . . 280

12 കൃതികൃത്തുക്കൾ . . . . . . . . . . . . . 295

13 കാരകകൃത്തുക്കൾ . . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317

1 പദക്രമം . . . . . . . . . . . . . . . 320

2 പൊരുത്തം . . . . . . . . . . . . . . 321

2 സമാസപ്രകരണം . . . . . . . . . . . . 325

3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333

ധാതുപാഠം . . . . . . . . . . . . . . . . . 347

കാരികാസൂചിക . . . . . . . . . . . . . . 357

സൂചിക . . . . . . . . . . . . . . . . . . . 361

# —1—

## ഭേദകാധികാരം

തമിഴ് വൈയാകരണന്മാർ ഭേദകത്തെ പ്രത്യേകം ഒരിനമായി ഗണിക്കുന്നില്ല. അവരുടെ മതത്തിൽ ഭേദകങ്ങൾ ഗുണവാചകങ്ങളായ നാമങ്ങളാണ്. “ചെമ്മ, ചെറുമ” എന്നു ഗുണവാചകനാമമായിട്ടല്ലാതെ ചെം, ചെറു എന്നു കേവലഗുണിവാചകമായിട്ടു പദങ്ങളില്ലെന്നാണ് അവരുടെ വാദം. “ചെങ്കനൽ, ചെറുപയറ്” എന്നിത്യാദി പ്രയോഗങ്ങളിൽ ചെമ്മ, ചെറുമ എന്നിവകളിലെ മ എന്ന അംശം ലോപിച്ചിരിക്കുന്നു എന്ന് അവർ കല്പിക്കുന്നു. ഒരുവിധം നോക്കിയാൽ ഈ വാദത്തിനു യുക്തിയില്ലെന്നുമില്ല. ചെം, ചെറു മുതലായവ ഭേദകപ്രകൃതികളാകുന്നു. അവയെ ഒരു നാമത്തിനു മുൻപ് സമാസമായിട്ടല്ലാതെ പ്രയോഗിച്ചുകൂടാ. ഈ സ്ഥിതിക്ക് സംസ്കൃതത്തിലെ നിത്യസമാസങ്ങളിലുള്ള പൂർവ്വപദങ്ങളുടെ സ്ഥാനമാണവയ്ക്ക്. സ്വതന്ത്രപ്രയോഗാനർഹമായ ശബ്ദം എങ്ങനെ പദമാകും? പ്രത്യയങ്ങളെക്കാൾ എന്തു വിശേഷമാണവയ്ക്കുള്ളത്? ചെമ്മ, ചെറുമ എന്ന് തന്മാത്രതദ്ധിതം അതുകളിൽനിന്നുണ്ടാകുന്നുണ്ട്; സമാസത്തിൽ പൂർവ്വപദമായി നിന്ന് ഒരു ഗുണിയെ കുറിക്കുന്നുമുണ്ടല്ലോ എന്നു ചോദിക്കുന്നതായാൽ നാമകൃതികൾക്കും ഈ മാതിരി പ്രയോഗം വരാറുണ്ട്; അതുകളെയും അപ്പോൾ ഭേദകമെന്നു പറയേണ്ടിവരുമെന്നു തരക്കേടുവരുന്നു.“നിറകുടം”, “പൊന്മല” എന്ന സമാസങ്ങളിൽ പൂർവ്വപദങ്ങൾ മുറയ്ക്കു കൃതിയും നാമവുമല്ലയോ? അതുകൾ പൂർവ്വപദമായി നിന്നുംകൊണ്ട് ഉത്തരപദമായ നാമത്തെ വിശേഷിപ്പിക്കുന്നതുപോലെയല്ലാതെ എന്തു വിശേഷമാണ്“ചെങ്കനൽ”, “ചെറുപയറ്” ഇത്യാദികളിലും? ചെവന്ന കനൽ, ചെറിയ പയറ് എന്നിവയ്ക്ക് സ്വതന്ത്രപ്രയോഗവുമുണ്ടല്ലോ എന്നാണ് ഇനി ചോദ്യമെങ്കിൽ അതിനു വേറെ സമാധാനമുണ്ട്. “ചെവന്ന”, “ചെറിയ” എന്നിവ പേരെച്ചരൂപങ്ങളാണ്; അതുകൊണ്ട് അവ കൃതികളായിപ്പോയി.

എന്നാൽ ഇതെല്ലാം വെറും മുറട്ടുവാദമാണ്. സ്വതന്ത്രമായാലെന്ത്? പരതന്ത്രമായാലെന്ത്? ചെം, ചെറു മുതലായവ ഗുണിവാചകങ്ങളല്ലയോ? സ്വതന്ത്രപ്രയോഗാർഹത്വംകൂടി പദലക്ഷണത്തിൽ ഉൾപ്പെടുത്തണമെന്നുണ്ടോ? അല്ല, സ്വതന്ത്രത്വം കണിശമായിട്ടു നോക്കുകയാണെങ്കിൽ നാമകൃതികൾക്കും വാക്യസ്ഫോടപക്ഷത്തിൽ സ്വാതന്ത്ര്യമുണ്ടോ എന്നു ചോദിക്കാം. പേരെച്ച രൂപം വന്നതുകൊണ്ട് ചെവന്ന, ചെറിയ മുതലായവ ഒരിക്കലും കൃതികളാകുന്നതുമല്ല;

കൃതിപ്രകൃതിയായ ധാതുവിൽ പേരെച്ചത്തിനു ചെയ്യുന്ന പ്രത്യയവും പ്രക്രിയയുംതന്നെയാണ് ഭേദകപ്രകൃതികളിലും എന്നു വരരുതോ? വേണമെങ്കിൽ ഒരുപടികൂടി കടന്ന് പേരെച്ചംതന്നെ കൃതികളിൽനിന്നു ജനിക്കുന്ന ഭേദകമാണെന്നുകൂടി നേരെമറിച്ചു വാദിക്കാം. വാസ്തവത്തിൽ പേരെച്ചം നാമത്തെ വിശേഷിപ്പിക്കുന്ന കൃതിയാണല്ലോ. ഗുണദ്വാരാ അല്ല ക്രിയാദ്വാരാ ആണ് വിശേഷിപ്പിക്കുന്നത് എന്നു മാത്രമേ ഭേദമുള്ളൂ. ഗുണം എന്ന അംശത്തെ ഭേദകത്തിന്റെ ലക്ഷണത്തിൽ അന്തർഭവിപ്പിച്ചിട്ടാവശ്യവുമില്ല. വിശേഷിപ്പിക്കുന്നത് ഗുണത്തെയോ ക്രിയയെയോ പുരസ്കരിച്ചാവാം എന്നേ ഉള്ളൂ. ഗുണക്രിയകളെ കൂട്ടിച്ചേർത്ത് ഒന്നായി ഗ്രഹിക്കുന്നതിനു "ധർമ്മം" എന്ന പദത്തെ വേണമെങ്കിൽ ഉപയോഗിക്കയും ചെയ്യാം. പേരെച്ചം പേരിനും, വിനയെച്ചം വിനയ്ക്കും വിശേഷണമാണെന്നുള്ളത് സമ്മതിച്ചേ തീരൂ; വിശേഷണമായിത്തീരുന്ന അവസ്ഥയിലും അതുകൾ തങ്ങൾക്കുള്ള ക്രിയാധർമ്മത്തെ ഉപേക്ഷിക്കുന്നില്ല എന്നു മാത്രം വിശേഷം. മറ്റൊന്നിനു കീഴടങ്ങിപ്പോയി എന്നുവച്ചിട്ട് സ്വധർമ്മം വിടണമെന്നില്ലല്ലോ. ചക്രവർത്തിക്ക് കീഴടങ്ങുന്ന സാമന്തരാജാവ് സ്വരാജ്യത്തിൽ, രാജാവുതന്നെയാണല്ലോ. അതുപോലെ പറ്റുവിനകൾ വിശേഷണവാക്യത്തിൽ ആഖ്യാതംതന്നെ. സാമ്രാജ്യത്തെപ്പറ്റി പറയുമ്പോൾ സ്വതന്ത്രനല്ലാത്തതുപോലെ പറ്റുവിനകളും മഹാവാക്യത്തിൽ പരാശ്രയികളാകുന്നു. അതിനാൽ പദവിഭാഗത്തിൽ ഭേദകം എന്നൊരിനം ആവശ്യം തന്നെ.

163. ഭേദകത്തിൽ പ്രകൃതിതാൻ
നാമാദിക്കു വിശേഷണം;
പേരെച്ചരൂപവും കൊള്ളാം
ധാതുവിൽ ചൊന്നമട്ടിലേ.

വിനയെച്ചത്തിലെ രൂപം
ക്രിയാഗുണവിശേഷണം.
അന്ത്യദ്വിത്വം ക്ലീബരൂപ-
മിത്യാദികളുമങ്ങനെ.

നാമവിശേഷണം, ക്രിയാവിശേഷണം, ഗുണവിശേഷണം എന്നു മൂന്നു വകഭേദങ്ങൾ വരാമല്ലോ. അതിൽ പ്രകൃതികൾതന്നെ ഒ◌ാരോന്നിന്നും വിശേഷണമായി നില്ക്കും; നാമകൃതികൾക്കു പറഞ്ഞതുപോലെ രൂപനിഷ്പത്തിയൊന്നും ആവശ്യമില്ല. പ്രകൃതിദശയിൽത്തന്നെ നില്ക്കുക നിമിത്തം നാമവിശേഷണമായി വരുമ്പോൾ വിശേഷ്യങ്ങളായ നാമങ്ങളിൽ നിന്നു പിരിച്ചു പ്രയോഗിക്ക പതിവില്ല. പിരിച്ചു പ്രയോഗിക്കണം എന്നു വിവക്ഷിക്കുന്നപക്ഷം കൃതികൾക്കു പേരെച്ചമുണ്ടാക്കുന്നതിനു ചെയ്യാറുള്ള പ്രത്യയവും പ്രക്രിയയുംതന്നെ ഇതുകൾക്കും; തുല്യന്യായപ്രകാരം വിനയെച്ചത്തിനുള്ളത് ക്രിയാവിശേഷണങ്ങൾക്കും വരും. പറ്റുവിനകളുടെ രൂപനിഷ്പത്തിസമ്പ്രദായം യോജിക്കാത്തിടത്ത് അന്ത്യവ്യഞ്ജനത്തിനു ദ്വിത്വം, നാമമായിരുന്നാൽ അതിന്റെ നപുംസകൈകവചനരൂപം ഇത്യാദികളും ഭേദകങ്ങളെ സ്വതന്ത്രപ്രയോഗാർഹങ്ങളാക്കിത്തീർക്കും. ഉദാ:

| | | | | |
|---|---|---|---|---|
| ചെറു | : ചെറുപയറ് | —പ്രകൃതിസ്വരൂപം | സമാസമായിട്ട് | — നാമവിശേഷണം. |
| ചെറിയ | : ചെറിയ മരം | —പേരെച്ചം | സ്വതന്ത്രമായിട്ട് | — നാമവിശേഷണം. |

| | | | | |
|---|---|---|---|---|
| ചെറ്റ് | : മുഖം ചെറ്റ വിയർത്തു | —അന്ത്യദ്വിത്വം | സ്വതന്ത്രമായിട്ട് | — ക്രിയാവിശേഷണം |
| ചെറ്റു | : മുഖം ചെറ്റു വിയത്തു | —ക്ലീബരൂപം | സ്വതന്ത്രമായിട്ട് | — ക്രിയാവിശേഷണം |
| മെൽ | : മെല്ലെ — മുഖം മെല്ലെ വിയർത്തു | } നടുവിനയെച്ചം | സ്വതന്ത്രമായിട്ട് | — ക്രിയാവിശേഷണം |
| ഒട്ടു | : (1) ഒട്ടു നേരം | : | | നാമവിശേഷണം |
| | (2) ഒട്ടു നന്ന് | : | | ഗുണവിശേഷണം |
| | (3) ഒട്ടു ഫലിച്ച കാര്യം | : | | ക്രിയാവിശേഷണം |

### 164. ആയ–ആയി–കൾ കൂടാതെ യോജിക്കില്ല വിഭാവകം.

ഭേദകങ്ങളിൽ ശുദ്ധം, നാമാംഗജം, ക്രിയാംഗജം എന്ന വിഭാഗങ്ങളെപ്പറ്റിയാണ് പൂർവ്വസൂത്രത്തിൽ പറഞ്ഞത്. പ്രകൃതസൂത്രം “വിഭാവകം” എന്ന ഇനത്തെപ്പറ്റിയാകുന്നു. വിഭാവകഭേദകം ലിംഗഭേദത്തെക്കൂടി കാണിക്കുന്നതാകയാൽ അത് ഏകദേശം നാമത്തിനു തുല്യമാണ്. വ്യാകരണദൃഷ്ട്യാ വിഭാവകം നാമത്തിന്റെ വകഭേദമാകേണ്ടതാണ്; ഗുണദ്വാരാ നാമങ്ങളെയും ക്രിയകളെയും ഭേദിപ്പിക്കുകയാൽ, ഭേദകലക്ഷണത്തിൽ അർത്ഥംപ്രമാണിച്ച് ഇതിന് അന്തർഭാവം വരുന്നുവെന്നേ ഉള്ളൂ. ശുദ്ധത്തിന് എത്രത്തോളം പാരതന്ത്ര്യം അത്രത്തോളം വിഭാവകത്തിനു സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം നിമിത്തം അതു വിശേഷ്യത്തോടു നേരെ യോജിക്കുന്നില്ല; അതിനാൽ ആയ, ആയി എന്ന് “ആവുക” ധാതുവിന്റെ പറ്റുവിനകളുടെ സഹായം ഇതിനു വേണ്ടിയിരിക്കുന്നു. നാമവിശേഷണമാകുമ്പോൾ ആയ എന്ന പേരെച്ചവും, ഗുണക്രിയാവിശേഷണങ്ങളാകുമ്പോൾ ആയി എന്ന വിനയെച്ചവും മദ്ധ്യേ പ്രയോഗിക്കണം. ഉദാ:

| | |
|---|---|
| കേമമായ സദ്യ — നാമവിശേഷണം | സദ്യ കേമമായി നടന്നു — ക്രി. വി. |
| സുഖമായ ഉറക്കം — നാമവിശേഷണം | ഉറക്കംസുഖമായി വരുന്നു — ക്രി. വി. |

### 165. സാംഖ്യം മുറയ്ക്കൊരിരുമൂ-നാലെയറെഴവെൺപതു.

സാംഖ്യഭേദകങ്ങളെ മുറയ്ക്ക് ഈ സൂത്രത്തിൽ പരിഗണിച്ചിരിക്കുന്നു.

| | | | | |
|---|---|---|---|---|
| 1. ഒരു | 3. മൂ. | 5. ഐ | 7. എഴ | 10. പതു |
| 2. ഇരു | 4. നാൽ | 6. അറു | 8. എൺ | |

ഉദാ: ഒരു കുതിര, മുക്കണ്ണൻ, ഐയമ്പൻ, എഴപത്, പതു (ഇൻ) ആയിരം ഇരുഭാഗം, നാലുദിക്കുകൾ, അറുനൂറു, എൺദിശ സ്വാർത്ഥവിശ്രാന്തിസൂചകമായ അനുനാസികസംസർഗ്ഗം; കു, ടു, തു, റു, എന്ന വിവർത്തകപ്രത്യയങ്ങൾ; അന്ത്യദ്വിത്വം ഈവക പ്രക്രിയകൾകൊണ്ട് ഈ സാംഖ്യഭേദകങ്ങൾ സാംഖ്യനാമങ്ങളായിത്തീരുന്നു. ഉദാ:

| | | |
|---|---|---|
| ഒരു: | ഒൻരു = ഒൻറു = ഒന്ന് | അനുനാസികസംസർഗ്ഗം |
| ഇരു: | ഇര് + അൺ + തു = ഇരണ്ടു = രണ്ട് | അനുനാസികസംസർഗ്ഗം തു പ്രത്യയവും |
| മൂ: | മുരു = മുറു = മുൻറു = മൂന്ന് | അനുനാസികസംസർഗ്ഗം റു പ്രത്യയം |

| | | |
|---|---|---|
| നാൽ: | നാൽ + കു(ലകാരത്തിന് അനുനാസികം) = നാങ്കു | കു പ്രത്യയവും. |
| എൈ: | എൈന്തു = എൈഞ്ചു = അഞ്ച് | അനുനാസികവും ചുപ്രത്യയവും. |
| അറു: | ആറു | |
| എഴ്: | ഏഴ് | |
| എൺ: | എട്ട് | ദ്വിത്വഖരാദേശങ്ങളും ടു പ്രത്യയവും. |
| പതു: | പത്ത് | ദ്വിത്വം. |

ഇരു — ഇലെ ഉകാരം സംവൃതമാണ്; അതുകൊണ്ട് ശബ്ദസ്വരൂപം ഇര് എന്നേ ഉള്ളൂ. ഏകമാത്രകമായിട്ടു പദം നിന്നുകൂടാ എന്നുള്ള സിദ്ധാന്തപ്രകാരമാണ് അതിൽ സംവൃതം ചേർക്കുന്നത്. ഇൗ ഫലം സാധിക്കുന്നതിന് ആദ്യസ്വരം നീട്ടിയാലും മതി. അതിനാൽ ഇൗര് എന്നും രൂപമുണ്ട്. അറു, എഴ എന്നിവയെ നോക്കുമ്പോൾ മു "മുരു" എന്നുതന്നെ ആയിരിക്കണമെന്നൂഹിപ്പാൻ വകയുണ്ട്. കർണ്ണാടകത്തിലെ രൂപവും അങ്ങനെതന്നെ; തമിഴ്മലയാളങ്ങളിൽ രു ലോപിച്ചതായിരിക്കാം. നാങ്കു എന്ന ശരിയായ നാമരൂപം മലയാളത്തിൽ "പതിന്നാങ്കു" എന്ന ചതുർദ്ദശീതിഥിസംജ്ഞയിലും "ഇരുനാങ്കെട്ട്" ഇത്യാദി എൺചുവടികളിലും മാത്രമേ ഉപയോഗിക്കാറുള്ളൂ; മറ്റുള്ളിടത്തു നാൽ എന്ന ഭേദകരൂപംതന്നെ നടപ്പായി. എൈമ്പതു എൈഞ്ഞൂറു ഇത്യാദികളിൽ ഭേദകാവസ്ഥയിലും അനുനാസികയോഗം ഏർപ്പെട്ടിരിക്കുന്നു. "എൈന്തു" എന്ന തമിഴിലെ എൈകാരം "അഞ്ച്" എന്നതിൽത്തന്നെ അകാരമായിട്ടു മാറിപ്പോയതിനാൽ അൻപത്, അഞ്ഞൂറ് എന്ന് എഴുത്തിൽ വിധം മാറിപ്പോയി. "തൊണ്ണൂറ്", "തൊള്ളായിരം" രണ്ടിന്റെയും ഛായ നോക്കുമ്പോൾ ഒൻപതു "തൊൺപത്" ആയിരിക്കണമെന്നു തെളിയുന്നു; തെലുങ്കിൽ "തൊമ്മിദി" എന്നു തകാരം കാണുന്നുമുണ്ട്. തൊൾ എന്ന പ്രകൃതിക്കു "മുൻ" എന്നാണർത്ഥം. അപ്പോൾ പത്തിനു മുൻപിലത്തേതു = തൊൺപതു (= ഒൻപത്) എന്നർത്ഥവും യോജിക്കുന്നുണ്ട്. "പതു" അന്ത്യദ്വിത്വം കൊണ്ട് എളുപ്പത്തിൽ പത്തായിക്കൊള്ളും. പതിനൊന്ന്, പതിമ്മൂന്ന്, പതിന്നാല് ഇത്യാദികളിൽ ഇൻ അംഗസംസ്കാരം വരുന്നു. ഇരുപത്, മുപ്പത് ഇത്യാദികളിൽ സമാസം കൊണ്ടു ശബ്ദം നീളുന്നതിനാൽ "ഇരുപത്ത്" എന്ന് അന്ത്യദ്വിത്വത്തിന്റെ ആവശ്യമില്ല. പന്ത്രണ്ടിൽ പതു — വിനു പകരം "പന്ത്" എന്നാണ് പ്രകൃതി. ഇത് ഇരുപാനേഴ് (27) എന്നും മറ്റും ചെന്തമിഴിൽ കാണുന്ന പാൻ എന്നതിൽ ബലത്തിനുവേണ്ടി തകാരം ചേർത്തുണ്ടാക്കിയതായിരിക്കണം. ഇതിന്റെ തന്നെ തമിഴ്രൂപം "പന്തിരണ്ട്" എന്നാണല്ലോ.

ഒന്ന് (ലാറ്റിൻ — ഉനസ്), അഞ്ച് (സംസ്കൃതം — പഞ്ച), എട്ട് (സംസ്കൃതം — അഷ്ട), പത്ത് (സംസ്കൃതം — പംക്തി) എന്ന സംഖ്യകൾക്ക് അതാത് ആര്യഭാഷാശബ്ദങ്ങളോടു സാമ്യം കാണുന്നു. അതിനാൽ ഇൗ പദങ്ങൾ ഒന്നുമറ്റതിൽനിന്നു കടംവാങ്ങിയവ ആയിരിക്കാമെന്നു പലരും ശങ്കിച്ചിട്ടുണ്ട്. കടംവാങ്ങുക ദരിദ്രൻ ധനികൻവശമാണല്ലോ പതിവ്. അപ്പോൾ ദ്രാവിഡങ്ങൾ ആര്യഭാഷകളിൽനിന്നു കടംവാങ്ങി എന്നു വരണം. എന്നാൽ ഇൗ സംഗതി വേണ്ടുംവണ്ണം വിചാരണചെയ്തിട്ടു ധ്വനിസാമ്യം കാണുന്നത് കേവലം യദൃച്ഛാവിലാസമേ ഉള്ളൂ എന്ന് ഡാക്ടർ കാൽഡ്വെൽ തീരുമാനിച്ചിരിക്കുന്നു. പന്തിരണ്ട് എന്നു മലയാളത്തിൽ പംക്തി ശബ്ദം തെളിഞ്ഞു കാണുന്നുണ്ടെന്ന് ഗുണ്ടർട്ട് പ്രബലമായി വാദിക്കുന്നു. എന്നാൽ കടം വാങ്ങുന്ന പക്ഷം എൈന്ത്യയൂറോപ്യൻഭാഷകൾക്കു പൊതുവേയുള്ള ദശശബ്ദം വിട്ട് അനതിപ്രസിദ്ധമായ പംക്തിശബ്ദത്തെ കൈക്കൊള്ളാനുള്ള കാരണം എന്തെന്നു സ്പഷ്ടമാകുന്നില്ല. സംസ്കൃതത്തിൽ വിംശതി, സപ്തതി,

നവതി ഇത്യാദികളിലെ “തി” പംക്തിയുടെ അവശേഷമാണെന്നു സ്ഥാപിക്കാമെങ്കിൽ ഗുണ്ടർട്ടിന്റെ യുക്തിക്കു ബലം കൂടുമായിരുന്നു. ആയിരം മുതൽ മേൽപ്പോട്ടുള്ള ഉയർന്ന സംഖ്യകളുടെ സംജ്ഞകൾ സംസ്കൃതത്തിൽനിന്നു ദ്രാവിഡർ എടുത്തതാണെന്നുള്ളതിൽ ആർക്കും തർക്കമില്ല. “സഹസ്രം” ഉ□ൗഷ്മത്യാഗത്താൽ എളുപ്പത്തിൽ ആയിരമാകും; കർണ്ണാടകത്തിൽ സാവിര എന്ന് ആദ്യസകാരം കേൾക്കുന്നുമുണ്ട്. ലക്ഷകോടികൾ തത്സമങ്ങൾ തന്നെ.

ശരിയായ സാംഖ്യഭേദകങ്ങളെ സമാസമായിട്ടേ ഉപയോഗിക്കാറുള്ളു; വാക്യത്തിൽ സംഖ്യാനാമങ്ങളെത്തന്നെ ഭേദകമായിട്ടുപയോഗിച്ചുവരുന്നു. ഒരു — വിനു മാത്രം വാക്യത്തിലും ഉപയോഗമുണ്ട്; ഒന്ന് എന്നതിനെ ഒരിക്കലും ഭേദകമായിട്ടു പ്രയോഗിക്കാറില്ല. ആം എന്ന ശീലഭാവിപേരെച്ചത്തിന്റെ യോഗത്താൽ സംഖ്യാനാമങ്ങളിൽനിന്നു പൂരണികൾ ഉണ്ടാകുന്നത് തദ്ധിതപ്രകരണത്തിൽ വിവരിച്ചിട്ടുണ്ട്.

166. വിഭക്ത്യാഭാസരൂപങ്ങ-
ളെല്ലാംതാൻ ഭേദകങ്ങളാം.

വിഭക്ത്യാഭാസരൂപങ്ങളെ നാമനിഷ്പന്നങ്ങളായ ഭേദകങ്ങളായിട്ട് ഗണിക്കാം. നിർദ്ദേശികയൊഴികെയുള്ള വിഭക്തികളെല്ലാം ക്രിയയെയോ നാമത്തെയോ വിശേഷിപ്പിക്കുന്നു; എങ്കിലും വിഭക്തികൾ നാമത്തിന്റെ രൂപഭേദങ്ങളെന്നേ വരൂ. വിഭക്ത്യാഭാസങ്ങളാകട്ടെ വിഭക്തിയെപ്പോലെ സാർവ്വത്രികങ്ങളല്ലാത്തതിനാൽ അതുകളെ നാമത്തിന്റെ രൂപാന്തരങ്ങളായിട്ടു വിചാരിപ്പാൻ തരമില്ല.

ഉദാ:

അന്ന്, ഇന്ന്, അങ്ങ്, ഇങ്ങ്, അവിടെ, ഇവിടെ (ക്രിയാവിശേഷണം)
കാട്ടിലേ, വീട്ടിലേ, അത്ര, ഇത്ര (നാമവിശേഷണം).